LIBRARY ARCHIVES Kerala Legislative Assembly

ചാരുംമൂട്ടിൽ എ.ഇ.ഒ. ഓഫീസ് ആരംഭിക്കാൻ നടപടി

335 [2393] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്തളം നിയോജകമണ്ഡലത്തിലെ ചാരുംമൂട് കേന്ദ്രീകരിച്ച് ഒരു അസിസ്റ്റന്റ് എഡ്യൂക്കേഷണൽ ഓഫീസ് (എ.ഇ.ഒ.) തുടങ്ങുന്നത് സംബന്ധിച്ച് നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പന്തളം, മാവേലിക്കര, കായംകുളം എ.ഇ.ഒ.-കൾ ഡീലിമിറ്റ് ചെയ്ത് ചാരുംമൂട് കേന്ദ്രീകരിച്ച് എ.ഇ. ഓഫീസ് തുടങ്ങുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) ചാരുംമൂട്ടിൽ എന്നത്തേക്ക് എ.ഇ. ഓഫീസ് ആരംഭിക്കുവാൻ കഴിയുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ—സി) ചാരുംമൂട് കേന്ദ്രീകരിച്ച് ഉപജില്ല വിദ്യാഭ്യാസ ഓഫീസ് രൂപീകരിക്കണമെന്ന് ആവശ്യപ്പെട്ട് സർക്കാരിന് ലഭിച്ച നിവേദനത്തിൻമേൽ വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെട്ടിരിക്കുകയാണ്. പ്രസ്തുത റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

പാലക്കാട് ജില്ലയിലെ ഡി.പി.ഇ.പി. സ്കൂളുകൾ

336 [2394] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ഇപ്പോൾ എത്ര ഡി.പി.ഇ.പി. സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഈ സ്കൂളുകളിൽ ആവശ്യത്തിന് സ്റ്റാഫില്ല എന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ വിദ്യാലയങ്ങളിലെ ഓരോ ക്ലാസ്സിലും എത്ര കുട്ടികൾ വീതം പഠിക്കുന്നുണ്ട്;

(ഡി) ഏതെല്ലാം അദ്ധ്യാപക തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ട്;

(ഇ) ഇനിയും ഏതെല്ലാം തസ്തികകളിൽ നിയമനം നടത്താനുണ്ട്;

(എഫ്) ഇക്കാര്യത്തിൽ എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ?